**പതിനഞ്ചാം കേരള നിയമസഭ**

**പരിസ്ഥിതി സംബന്ധിച്ച സമിതി**
**(2023-2026)**

# പതിനഞ്ചാമത് റിപ്പോർട്ട്

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ ആറാമത് റിപ്പോർട്ടിലെ (മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് നേരിടുന്ന ഗുരുതരമായ പാരിസ്ഥിതികാഘാതം സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

(2025 ഒക്ടോബർ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

**പരിസ്ഥിതി സംബന്ധിച്ച സമിതി**
**(2023–2026)**

**പതിനഞ്ചാമത് റിപ്പോർട്ട്**

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016–19)യുടെ ആറാമത് റിപ്പോർട്ടിലെ (മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് നേരിടുന്ന ഗുരുതരമായ പാരിസ്ഥിതികാഘാതം സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

(2025 ഒക്ടോബർ മാസം 9- ാം തീയതി സഭയിൽ സമർപ്പിച്ചത്)

## ഉള്ളടക്കം


*പേജ്*

സമിതിയുടെ ഘടന ....

ആമുഖം ....

അധ്യായം I : റിപ്പോർട്ട് ....

അധ്യായം II : സമിതിയുടെ ശിപാർശകളും അതിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം ....

അധ്യായം III : സർക്കാർ മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ/സമിതി
ആരാഞ്ഞ അധികവിവരം സംബന്ധിച്ച വിശദാംശം ....

അധ്യായം IV : സമിതിയുടെ തുടർശിപാർശകൾ ....

അനുബന്ധം I
അനുബന്ധം II
അനുബന്ധം III
അനുബന്ധം IV

പരിസ്ഥിതി സംബന്ധിച്ച സമിതി
(2023–2026)

**ഘടന**

അധ്യക്ഷൻ :

ശ്രീ. ഇ. കെ. വിജയൻ.

അംഗങ്ങൾ :

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീമതി യു. പ്രതിഭ

ശ്രീ. സജീവ് ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ്

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# ആമുഖം

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ ആറാമത് റിപ്പോർട്ട് (മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് നേരിടുന്ന ഗുരുതരമായ പാരിസ്ഥിതികാഘാതം സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ട്) 02.02.2018-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ച് 2018 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2025 ഒക്ടോബർ മാസം 8-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഇ. കെ. വിജയൻ
അധ്യക്ഷൻ,
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2025 ഒക്ടോബർ 09

# റിപ്പോർട്ട്

## അധ്യായം I

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ ആറാമത് റിപ്പോർട്ട് (മൺട്രോ തുരുത്ത് ഗ്രാമപഞ്ചായത്ത് നേരിടുന്ന ഗുരുതരമായ പാരിസ്ഥിതികാഘാതം സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ട്) 2018 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. കൊല്ലം നഗരത്തിൽ നിന്നും 12 കി.മീ. വടക്ക് മാറി അഷ്ടമുടിക്കായലിന്റെ കരയിൽ സ്ഥിതി ചെയ്യുന്ന മൺട്രോ തുരുത്ത് ഗ്രാമപഞ്ചായത്ത് നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളിന്മേൽ, സമിതി നടത്തിയ ചർച്ചകളുടെയും സന്ദർശനത്തിന്റെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ടിൽ 17 ശിപാർശകളാണ് ഉൾപ്പെടുത്തിയിരുന്നത്.

2) സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 15.05.2018-ൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പരിസ്ഥിതി (എ), റവന്യൂ (പി.), തദ്ദേശസ്വയംഭരണ (ഇ.പി.എ./ആർ.ഇ./എഫ്.എം.), വനം-വന്യജീവി (ഇ), മത്സ്യബന്ധന തുറമുഖ (സി), കൃഷി (പി.ബി.), വിനോദസഞ്ചാര (സി), വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി വിശദമായി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3) റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് സർക്കാർ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി പത്രികകൾ എന്നിവ ഈ റിപ്പോർട്ടിന്റെ രണ്ടാം അധ്യായമായും സർക്കാർ നടപടി പത്രിക ലഭ്യമാക്കാത്ത ശിപാർശകൾ/സമിതി ആരാഞ്ഞ അധികവിവരം സംബന്ധിച്ച വിശദാംശം മൂന്നാം അധ്യായമായും സമിതിയുടെ തുടർശിപാർശകൾ/നിർദ്ദേശങ്ങൾ നാലാം അധ്യായമായും ചേർത്തിരിക്കുന്നു.

4) 7, 13, 17 എന്നീ ശിപാർശകളിന്മേൽ പരിസ്ഥിതി (എ) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിനൊപ്പം ചേർത്തിരിക്കുന്ന പ്രസ്തുത വിഷയത്തിന്മേലുള്ള ഏക ദിന സെമിനാറിന്റെ നടപടിക്രമം, സർക്കാർ ഉത്തരവ്, പ്രോജക്ട് റിപ്പോർട്ട്, സർക്കാർ ഭരണ അനുമതി ഉത്തരവ് എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

## അധ്യായം II

# സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം

## ശിപാർശ 1

മൺട്രോതുരുത്തിലെ മണ്ണിന്റെ പ്രധാന ഘടകങ്ങൾ എക്കൽ, ചകിരിച്ചോറ്, വെള്ളം ഊർന്നിറങ്ങത്തക്ക നിലയിലുള്ള മണ്ണ് എന്നിവയായതിനാൽ മണ്ണ് പരിശോധന നിർബന്ധമാക്കുകയും അതിന് അനുസൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പിയും സിമന്റും ഭാരമേറിയ മൺകട്ടകളും ഉപയോഗിച്ചുള്ള പരിസ്ഥിതി സൗഹൃദമല്ലാത്ത നിർമ്മാണരീതികൾ പ്രസ്തുത തുരുത്തിന്റെ പാരിസ്ഥിതികതയെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതിനാൽ ഭാരം കുറഞ്ഞ വസ്തുക്കളായ തടിപോലുള്ള നിർമ്മാണവസ്തുക്കൾക്ക് പ്രാമുഖ്യം നൽകിയും കോൺക്രീറ്റ് പൈലുകൾക്ക് പകരമായി തെങ്ങിൻ തടി ഉപയോഗിച്ച് പൈലിംഗ് നടത്തിയ പ്ലാറ്റ്ഫോമുകൾ പോലുള്ള നിർമ്മാണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രസ്തുത തുരുത്ത് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക ഭീഷണികൾക്ക് പരിധിവരെ പരിഹാരം കണ്ടെത്തുവാൻ സാധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### പൊതുമരാമത്ത് (ഇ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ഇ 1/62/2019/പൊ.മ.വ., തീയതി 11.02.2021)

ഒന്നാമത്തെ നിർദ്ദേശപ്രകാരം ദ്വീപുകളിലെ മണ്ണ് പരിശോധന നടത്തി ഭൂമിയ്ക്കടിയിലെ മണ്ണിന്റെ ഘടനയും അതിന്റെ സ്വഭാവും പരിശോധിച്ചറിയേണ്ടതും പഠന വിധേയമാക്കേണ്ടതും ആണ്. ഭൂഘടനയെ ബാധിക്കുന്ന വിധത്തിലുള്ള യാതൊരു വിധ നിർമ്മാണ പ്രവർത്തനങ്ങളും അനുവദിയ്ക്കരുത്. കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭാരമുള്ള വസ്തുക്കളോ അതിന്റെ അസ്ഥിവാരത്തിന് പൈലിങ് പണിയോ പാടില്ല. ഇപ്പോഴത്തെ അവസ്ഥയിൽ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന രീതിയിൽ ഉള്ള വീടുകൾ

(floating house) ആണ് ഉത്തമം. ഭൂമിയ്ക്കടിയിൽ ചുണ്ണാമ്പു പാറകൾ ആണെങ്കിൽ, പൈലിങ് ഈ പാറകളെ കൂടുതൽ ദുർബലമാക്കും.

(16.09.2021-ലെ സമിതി യോഗം പരിഗണിക്കുകയും റിപ്പോർട്ട് കമ്മിറ്റിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടായി പരിഗണിക്കാവുന്നതല്ലെന്നതിനാലും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് തദ്ദേശസ്വയംഭരണ വകുപ്പായതിനാലും പ്രസ്തുത ശിപാർശയിന്മേലുള്ള റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കുവാൻ തീരുമാനിച്ചു.)

(തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല.)

## ശിപാർശ 2

മൺട്രോതുരുത്തിലെ വിവിധ ഭൂവിഭാഗങ്ങളെ പാരിസ്ഥിതിക കെടുതികളുടെ തീവ്രതയുടെ അടിസ്ഥാനത്തിൽ തരംതിരിക്കണമെന്നും ഏറ്റവും രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങളുള്ള ഭൂവിഭാഗങ്ങളിൽ നിന്നും ജനങ്ങളെ ഒഴിപ്പിച്ച് സുരക്ഷിതമേഖലകളിലേക്ക് മാറ്റി പാർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 138/ഇപിഎ 4/2020/തസ്വഭവ., തീയതി 06.04.2022)

നിരന്തരമായ വേലിയേറ്റം മൂലം സ്ഥിരം വെള്ളക്കെട്ടായ താമസയോഗ്യ-മല്ലാത്തതുമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ആഗോളതാപനത്താലുള്ള കാലാവസ്ഥ വ്യതിയാനം കാരണം വെള്ളപ്പൊക്ക വേലിയേറ്റ ഭീഷണി നേരിടുന്ന പ്രദേശങ്ങളാണ് മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും. എന്നാൽ ഇവിടെയുള്ള ജനങ്ങളുടെ ഉപജീവനമാർഗ്ഗം ടി പരിസ്ഥിതിയുമായി ബന്ധപ്പെട്ട മത്സ്യകൃഷി, താറാവ് വളർത്തൽ, മത്സ്യബന്ധനം തുടങ്ങിയവയാണ്. ആയതിനാൽ ടി പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ പൂർണ്ണമായും മാറ്റി പാർപ്പിക്കുന്നത് പ്രായോഗികമല്ല. ഇത്തരം പ്രദേശങ്ങളിൽ

പരിസ്ഥിതി സൗഹൃദഭവനങ്ങളും വെള്ളപ്പൊക്ക-വേലിയേറ്റത്തെ അതിജീവിക്കുന്ന ബയോടോയ്‌ലെറ്റുകളും നിർമ്മിക്കുന്നതാണ് പ്രായോഗികം.

(18.05.2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ 4

മൺറോതുരുത്തിൽ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ പരിസ്ഥിതി സൗഹൃദവും ചെലവുകുറഞ്ഞ രീതിയിലുള്ളവയും ആയിരിക്കുന്നതിനായി വിവിധ സർക്കാർ ഏജൻസികളുമായി ബന്ധപ്പെട്ട് ഏത് വിധത്തിലുള്ള നിർമ്മാണരീതികളാണ് അവലംബിക്കേണ്ടതെന്നും ഏതുതരം സാമഗ്രികളുപയോഗിച്ചാണ് നിർമ്മാണം നടത്തേണ്ടതെന്നും പരിശോധിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ആർ.എ.3/158/2019-തസ്വഭവ., തീയതി 25.02.2020)

ആഗോളതാപനം മൂലമുള്ള കാലാവസ്ഥ വ്യതിയാനം നിമിത്തം വെള്ളപ്പൊക്ക/വേലിയേറ്റ ഭീഷണി നേരിടുന്ന പ്രദേശങ്ങളാണ് മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും. ഇക്കാരണത്താൽ ടി പ്രദേശങ്ങളിലെ ഭവനങ്ങൾ വളരെ വേഗം തകർന്ന് പോവുകയോ വീടിന്റെ ഒരു വശം താഴ്ന്ന് പോകുകയോ ചെയ്യുന്നു. ടി സാഹചര്യത്തിൽ പരമ്പരാഗത പാർപ്പിട നിർമ്മാണ രീതികൾ ഈ പ്രദേശത്ത് അപ്രായോഗികമായി കഴിഞ്ഞിരിക്കുന്നു. ടി പ്രദേശത്തിന്റെ മാറിയ പരിസ്ഥിതിക്ക് അനുയോജ്യമായ പാർപ്പിട നിർമ്മാണ രീതികൾ അടിയന്തിരമായി അവലംബിക്കേണ്ടത് ഈ പ്രദേശത്തിന്റെയും ഇവിടെ വസിക്കുന്ന ജനവിഭാഗങ്ങളുടെയും നിലനില്പിന്റെ പ്രശ്നമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. രൂക്ഷമായ വേലിയേറ്റവും ഉപ്പിന്റെ ആധിക്യവും പരമ്പരാഗതമായി സിമന്റും മൺകട്ടയും ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന ഭാരമേറിയ കെട്ടിടങ്ങൾ വളരെ വേഗം ഭൂമിയിലേക്ക് താഴ്ന്ന് പോകുന്നതിനും വിണ്ട് കീറി നശിച്ച് പോകുന്നതിനും കാരണമാകുന്നു. 200-ഓളം ഭവനങ്ങൾ തകർന്ന് പോയിട്ടുള്ളതും നിലവിൽ 250-ലധികം ഭവനങ്ങൾ ഇത്തരത്തിൽ തകർച്ച നേരിട്ട് കൊണ്ടിരിക്കുന്നതുമാണ്.

പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലം തകർന്ന/തകർച്ച നേരിടുന്ന ഭവനങ്ങൾ കൂടാതെ 2011-ലെ തീരദേശ പരിപാലന നിയമ പ്രകാരം മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും സി.ആർ.ഇസഡ്. നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ ടി പ്രദേശത്തെ ജനങ്ങൾ വൻതോതിൽ കുടിയിറക്ക് ഭീഷണി നേരിടുകയാണ്. ഈ സാഹചര്യത്തിൽ പരിസ്ഥിതിക്ക് അനുയോജ്യമായതും തറ നിരപ്പിൽ നിന്നും ഉയർന്നു നില്ക്കുന്നതും ഭാരം കുറഞ്ഞതുമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള Pre-Fab നിർമ്മാണ രീതി അവലംബിച്ചുകൊണ്ടുള്ള ഭവനങ്ങൾ നിർമ്മിച്ച് ജനങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചുവരികയാണ്.

2015 മുതൽ തന്നെ പഞ്ചായത്ത് നേരിടുന്ന ടി പ്രതിസന്ധിക്ക് ഒരു പരിഹാരം എന്ന നിലയിൽ ഈ മേഖലയ്ക്ക് അനുയോജ്യമായ ഒരു പരിസ്ഥിതി സൗഹൃദ ഭവന നിർമ്മാണത്തിന്റെ മാതൃകക്കായി പഞ്ചായത്ത് ശ്രമം ആരംഭിക്കുകയും ഇതുമായി ബന്ധപ്പെട്ട Costford, HABITAT, നിർമ്മിതി കേന്ദ്രം, TKM Engineering College, Kollam, Barton Hill Engineering College, Thiruvananthapuram എന്നീ സ്ഥാപനങ്ങളുടെ സഹായം അഭ്യർത്ഥിക്കുകയും അതിന്റെ ഭാഗമായി ടി സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധ സംഘങ്ങൾ പഞ്ചായത്ത് സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് സിവിൽ വിഭാഗം സമർപ്പിച്ച മാതൃക, ഭാരം കുറഞ്ഞതും തറ നിരപ്പിൽ നിന്ന് ഉയർന്നതും ദീർഘകാലം ഈടുനിൽക്കുന്നതുമായ പരിസ്ഥിതി സൗഹൃദ ഭവനം എന്ന അനിവാര്യമായ ആശയത്തിനോട് യോജിച്ചതാണെന്ന് ഭരണ സമിതിക്ക് ബോധ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി മാതൃക പ്രകാരം ഒരു ഭവനം നിർമ്മിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതിക്കായി അപേക്ഷിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി 2018-19 വാർഷിക പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 6,50,000/- രൂപ വകയിരുത്തി പട്ടികജാതി മേഖലയിൽ പരിസ്ഥിതി സൗഹൃദ ഭവനം എന്ന നൂതന പദ്ധതി ഏറ്റെടുക്കുകയും ടി പദ്ധതിക്ക് 26.02.2019-ലെ സ.ഉ. (സാധാ) നം.435/2019/തസ്വഭവ ഉത്തരവ് പ്രകാരം പ്രത്യേക അംഗീകാരം നൽകിയിട്ടുള്ളതുമാണ്. 2019 പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം മൂലവും മറ്റ് ചില സാങ്കേതിക കാരണങ്ങളാലും ടി പദ്ധതി 2019-20 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തുകയും റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് അധികൃതരുടെ മേൽനോട്ടത്തിൽ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതുമാണ്. പരമ്പരാഗത കെട്ടിട നിർമ്മാണ വസ്തുക്കൾ പരമാവധി ഒഴിവാക്കി ചിലവ് കുറഞ്ഞതും, ഭാരം കുറഞ്ഞതും, ദീർഘകാലം ഈട്

നിൽക്കുന്നതും, വേലിയേറ്റ പ്രശ്നങ്ങൾ ബാധിക്കാത്തതും, പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ളതുമായി ഒരു ഭവനം പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ കെട്ടിട നിർമ്മാണ മേഖലയിൽ വർഷങ്ങളായി പ്രവൃത്തി പരിചയമുള്ളതും മേഖലയിലെ നവീന ആശയങ്ങൾ നടപ്പിലാക്കി വരുന്നതുമായ നിരവധി സ്വകാര്യ കെട്ടിട നിർമ്മാണ സ്ഥാപനങ്ങളുമായി പഞ്ചായത്ത് നിരന്തരം ബന്ധപ്പെട്ട് വരികയാണെന്നും ഇവരുടെ സഹായത്തോടെ പരിസ്ഥിതിക്ക് അനുയോജ്യമായതും അവലംബിക്കാവുന്നതുമായ കൂടുതൽ നൂതന കെട്ടിട നിർമ്മാണ മാതൃകകൾ കണ്ടെത്താൻ ശ്രമിച്ചുവരുകയുമാണ്. കൂടാതെ നിയമസഭ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് പഞ്ചായത്തിന്റെ വിശദമായ രൂപരേഖ (Master Plan) തയ്യാറാക്കി വരുന്നതും പഞ്ചായത്തിലെ പാരിസ്ഥിതിക പ്രശ്ന ബാധിത മേഖലകളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളെയും, നിബന്ധനകളെയും, ചട്ടങ്ങളെയും സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ ഇതോടൊപ്പം തയ്യാറാക്കി വരുകയാണെന്നും ആയത് നടപ്പിലാക്കുന്നതോടുകൂടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം കേരള നിയമസഭപരിസ്ഥിതി സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിക്കുന്നു.

(18.09.2020-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

നിർമ്മാണ പ്രവർത്തനങ്ങളിൽ പരിസ്ഥിതിക്കും ആരോഗ്യത്തിനും ഹാനികരമാകാത്ത തരത്തിലുള്ള ടെക്നോളജി ഉപയോഗിക്കണമെന്നും ആയത് പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും നിർമ്മാണ പ്രവർത്തനങ്ങളിൽ ബാംബൂ സ്ലാബിന്റെ സാധ്യത കൂടി പരിശോധിക്കണമെന്നും ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

(അധികവിവര റിപ്പോർട്ട് ലഭ്യമായിട്ടില്ല)

## ശിപാർശ 5

മൺട്രോതുരുത്തിലെ കെട്ടിടങ്ങളുടെ ഉയരം സംബന്ധിച്ചും കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന സാധനസാമഗ്രികൾ സംബന്ധിച്ചും വ്യക്തമായ മാനദണ്ഡമുണ്ടാകണമെന്നും രണ്ടിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ നിർമ്മിക്കാതിരിക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ആർ.എ.3/158/2019-തസ്വഭവ., തീയതി 25.02.2020)

ആഗോളതാപനം മൂലമുള്ള കാലാവസ്ഥ വ്യതിയാനം നിമിത്തം വെള്ളപ്പൊക്ക/വേലിയേറ്റ ഭീഷണി നേരിടുന്ന പ്രദേശങ്ങളാണ് മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും. ഇക്കാരണത്താൽ ടി പ്രദേശങ്ങളിലെ ഭവനങ്ങൾ വളരെ വേഗം തകർന്ന് പോവുകയോ വീടിന്റെ ഒരു വശം താഴ്ന്ന് പോകുകയോ ചെയ്യുന്നു. ടി സാഹചര്യത്തിൽ പരമ്പരാഗത പാർപ്പിട നിർമ്മാണ രീതികൾ ഈ പ്രദേശത്ത് അപ്രായോഗികമായി കഴിഞ്ഞിരിക്കുന്നു. ടി പ്രദേശത്തിന്റെ മാറിയ പരിസ്ഥിതിക്ക് അനുയോജ്യമായ പാർപ്പിട നിർമ്മാണ രീതികൾ അടിയന്തിരമായി അവലംബിക്കേണ്ടത് ഈ പ്രദേശത്തിന്റെയും ഇവിടെ വസിക്കുന്ന ജനവിഭാഗങ്ങളുടെയും നിലനില്പിന്റെ പ്രശ്നമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. രൂക്ഷമായ വേലിയേറ്റവും ഉപ്പിന്റെ ആധിക്യവും പരമ്പരാഗതമായി സിമന്റും മൺകട്ടയും ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന ഭാരമേറിയ കെട്ടിടങ്ങൾ വളരെ വേഗം ഭൂമിയിലേക്ക് താഴ്ന്ന് പോകുന്നതിനും വിണ്ട് കീറി നശിച്ച് പോകുന്നതിനും കാരണമാകുന്നു. 200-ഓളം ഭവനങ്ങൾ തകർന്ന് പോയിട്ടുള്ളതും നിലവിൽ 250-ലധികം ഭവനങ്ങൾ ഇത്തരത്തിൽ തകർച്ച നേരിട്ട് കൊണ്ടിരിക്കുന്നതുമാണ്.

പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലം തകർന്ന/തകർച്ച നേരിടുന്ന ഭവനങ്ങൾ കൂടാതെ 2011-ലെ തീരദേശ പരിപാലന നിയമ പ്രകാരം മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും സി.ആർ.ഇസഡ്. നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ ടി പ്രദേശത്തെ ജനങ്ങൾ വൻതോതിൽ കുടിയിറക്ക് ഭീഷണി നേരിടുകയാണ്. ഈ സാഹചര്യത്തിൽ പരിസ്ഥിതിക്ക് അനുയോജ്യമായതും തറ നിരപ്പിൽ നിന്നും ഉയർന്നു

നില്ക്കുന്നതും ഭാരം കുറഞ്ഞതുമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള Pre-Fab നിർമ്മാണ രീതി അവലംബിച്ചുകൊണ്ടുള്ള ഭവനങ്ങൾ നിർമ്മിച്ച് ജനങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചുവരികയാണ്.

2015 മുതൽ തന്നെ പഞ്ചായത്ത് നേരിടുന്ന ടി പ്രതിസന്ധിക്ക് ഒരു പരിഹാരം എന്ന നിലയിൽ ഈ മേഖലയ്ക്ക് അനുയോജ്യമായ ഒരു പരിസ്ഥിതി സൗഹൃദ ഭവന നിർമ്മാണത്തിന്റെ മാതൃകക്കായി പഞ്ചായത്ത് ശ്രമം ആരംഭിക്കുകയും ഇതുമായി ബന്ധപ്പെട്ട Costford, HABITAT, നിർമ്മിതി കേന്ദ്രം, TKM Engineering College, Kollam, Barton Hill Engineering College, Thiruvananthapuram എന്നീ സ്ഥാപനങ്ങളുടെ സഹായം അഭ്യർത്ഥിക്കുകയും അതിന്റെ ഭാഗമായി ടി സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധ സംഘങ്ങൾ പഞ്ചായത്ത് സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് സിവിൽ വിഭാഗം സമർപ്പിച്ച മാതൃക, ഭാരം കുറഞ്ഞതും തറ നിരപ്പിൽ നിന്ന് ഉയർന്നതും ദീർഘകാലം ഈടുനിൽക്കുന്നതുമായ പരിസ്ഥിതി സൗഹൃദ ഭവനം എന്ന അനിവാര്യമായ ആശയത്തിനോട് യോജിച്ചതാണെന്ന് ഭരണ സമിതിക്ക് ബോധ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി മാതൃക പ്രകാരം ഒരു ഭവനം നിർമ്മിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതിക്കായി അപേക്ഷിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനായി 2018-19 വാർഷിക പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 6,50,000/- രൂപ വകയിരുത്തി പട്ടികജാതി മേഖലയിൽ പരിസ്ഥിതി സൗഹൃദ ഭവനം എന്ന നൂതന പദ്ധതി ഏറ്റെടുക്കുകയും ടി പദ്ധതിക്ക് 26.02.2019-ലെ സ.ഉ. (സാധാ) നം.435/2019/തസ്വഭവ ഉത്തരവ് പ്രകാരം പ്രത്യേക അംഗീകാരം നൽകിയിട്ടുള്ളതുമാണ്. 2019 പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം മൂലവും മറ്റ് ചില സാങ്കേതിക കാരണങ്ങളാലും ടി പദ്ധതി 2019-20 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തുകയും റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് അധികൃതരുടെ മേൽനോട്ടത്തിൽ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതുമാണ്. പരമ്പരാഗത കെട്ടിട നിർമ്മാണ വസ്തുക്കൾ പരമാവധി ഒഴിവാക്കി ചിലവ് കുറഞ്ഞതും, ഭാരം കുറഞ്ഞതും, ദീർഘകാലം ഈട് നിൽക്കുന്നതും, വേലിയേറ്റ പ്രശ്നങ്ങൾ ബാധിക്കാത്തതും, പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ളതുമായി ഒരു ഭവനം പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ കെട്ടിട നിർമ്മാണ മേഖലയിൽ വർഷങ്ങളായി പ്രവൃത്തി പരിചയമുള്ളതും മേഖലയിലെ നവീന ആശയങ്ങൾ നടപ്പിലാക്കി വരുന്നതുമായ നിരവധി സ്വകാര്യ കെട്ടിട നിർമ്മാണ സ്ഥാപനങ്ങളുമായി പഞ്ചായത്ത് നിരന്തരം ബന്ധപ്പെട്ട് വരികയാണെന്നും ഇവരുടെ സഹായത്തോടെ പരിസ്ഥിതിക്ക് അനുയോജ്യമായതും അവലംബിക്കാവുന്നതുമായ കൂടുതൽ നൂതന കെട്ടിട

നിർമ്മാണ മാതൃകകൾ കണ്ടെത്താൻ ശ്രമിച്ചുവരുകയുമാണ്. കൂടാതെ നിയമസഭ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് പഞ്ചായത്തിന്റെ വിശദമായ രൂപരേഖ (Master Plan) തയ്യാറാക്കി വരുന്നതും പഞ്ചായത്തിലെ പാരിസ്ഥിതിക പ്രശ്ന ബാധിത മേഖലകളിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളെയും, നിബന്ധനകളെയും, ചട്ടങ്ങളെയും സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ ഇതോടൊപ്പം തയ്യാറാക്കി വരുകയാണെന്നും ആയത് നടപ്പിലാക്കുന്നതോടുകൂടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം കേരള നിയമസഭപരിസ്ഥിതി സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിക്കുന്നു.

(18.09.2020-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

നിർമ്മാണ പ്രവർത്തനങ്ങളിൽ പരിസ്ഥിതിക്കും ആരോഗ്യത്തിനും ഹാനികരമാകാത്ത തരത്തിലുള്ള ടെക്നോളജി ഉപയോഗിക്കണമെന്നും ആയത് പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും നിർമ്മാണ പ്രവർത്തനങ്ങളിൽ ബാംബു സ്ലാബിന്റെ സാധ്യത കൂടി പരിശോധിക്കണമെന്നും ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

(അധികവിവര റിപ്പോർട്ട് ലഭ്യമായിട്ടില്ല)

## ശിപാർശ 7

മൺട്രോതുരുത്ത് അടങ്ങുന്ന സമീപ ഭൂപ്രദേശം ക്രമേണ താഴ്ന്നുകൊണ്ടിരിക്കുന്നതും അര മീറ്റർ വരെ പല വീടുകളും താഴ്ന്നുപോയിട്ടുള്ളതും പഠനവിധേയമാക്കുന്നതിനും ഈ അവസ്ഥാവിശേഷം ദീർഘകാലാടിസ്ഥാനത്തിൽ നിരീക്ഷിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബന്ധപ്പെട്ട ഏജൻസികളുടെ ഏകോപനത്തോടുകൂടി ഗവേഷണം നടത്തുന്നതിനും ഒരു സ്ഥിരം സംവിധാനമേർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പരിസ്ഥിതി (എ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/4/2019/പരി, തീയതി 25.02.2020)

മൺട്രോതുരുത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കുന്നതിനായി 2018 ഫെബ്രുവരി മാസം 18, 19 തീയതികളിൽ കേരളത്തിന് അകത്തും പുറത്തും നിന്നുള്ള വിദഗ്ധ സംഘത്തെ നിയോഗിക്കുകയും സ്ഥല സന്ദർശനം നടത്തി പ്രശ്നങ്ങൾ വിലയിരുത്തുകയും ചെയ്തു. അതിനോടനുബന്ധിച്ച് ഒരു ഏകദിന സെമിനാറിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. (അനുബന്ധം-1). കേരളത്തിലെ റാംസാർ തണ്ണീർത്തടമായ അഷ്ടമുടി കായലിന് വേണ്ടി തയ്യാറാക്കിയ കർമ്മപരി പ്രേഷ്യത്തിൽ മൺട്രോതുരുത്ത് ഉൾപ്പെടുന്നുണ്ട്. സർക്കാർ സർക്കാരേതര ഏജൻസികൾ എന്നിവരുടെ ഏകോപനത്തോടുകൂടി കർമ്മ പരിപ്രേഷ്യം നടപ്പാക്കുന്നതുവഴി മൺട്രോതുരുത്തിന്റെ പുനരുജ്ജീവനം ഒരു പരിധിവരെ സാധ്യമാകുന്നതാണ്.

(18.09.2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ 8</u>**

മൺട്രോതുരുത്തിലെ ഇതിനകം തന്നെ കേടുപാടുകളുണ്ടായിട്ടുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണം നടത്തുമ്പോൾ മൺട്രോതുരുത്തിലെ പരിസ്ഥിതിക്ക് അനുയോജ്യമായ പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നോ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ പ്രത്യേക പാക്കേജ് ആയിട്ടോ സാമ്പത്തിക സഹായം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പൊതുമരാമത്ത് (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ ഇ 1/62/2019/പൊ.മ.വ., തീയതി 11.02.2021

ഇത്തരം പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസികൾ, മറ്റു പ്രകൃതി-സൗഹൃദ നിർമ്മാണ ഏജൻസികൾ എന്നിവയുടെ അഭിപ്രായങ്ങൾ കൂടി പരിഗണിയ്ക്കേണ്ടതാണ്.

(16.09.2021-ലെ സമിതി യോഗം പരിഗണിക്കുകയും റിപ്പോർട്ട് കമ്മിറ്റിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടായി പരിഗണിക്കാവുന്നതല്ലെന്നതിനാലും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് തദ്ദേശസ്വയംഭരണ വകുപ്പായതിനാൽ പ്രസ്തുത ശിപാർശയിന്മേലുള്ള റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കാൻ നിർദ്ദേശിച്ചു.)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ഡി.ഇ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ ഡി.ഇ 2/204/2023/തസ്വഭവ., തീയതി 17.07.2025)

ആഗോളതാപനത്തിന്റെ ഭാഗമായുള്ള കാലാവസ്ഥാ വ്യതിയാനം മൂലം വെള്ളപ്പൊക്ക വേലിയേറ്റ ഭീഷണി നേരിടുന്ന പ്രദേശങ്ങളാണ് മൺറോതുരുത്ത് ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും. ഇക്കാരണത്താൽ ഈ പ്രദേശങ്ങളിലെ ഭവനങ്ങൾ വളരെ വേഗം തകർന്ന് പോകുകയോ വീടിന്റെ ഒരു ഭാഗം താഴ്ന്ന് പോകുകയോ ചെയ്യുന്നു. ആയതിനാൽ പരമ്പരാഗത പാർപ്പിട നിർമ്മാണ രീതികൾ പ്രദേശത്ത് അപ്രായോഗികമാണ്. പ്രദേശത്തിന്റെ മാറിയ പരിസ്ഥിതിക്ക് അനുയോജ്യമായ പാർപ്പിട നിർമ്മാണ രീതികൾ അടിയന്തരമായി അവലംബിക്കേണ്ടത് ഈ പ്രദേശത്തിന്റെയും പ്രദേശവാസികളുടെയും നിലനിൽപിന് അത്യന്താപേക്ഷിതമാണ്. രൂക്ഷമായ വേലിയേറ്റവും ഉപ്പിന്റെ ആധിക്യവും കാരണം പരമ്പരാഗതമായി സിമന്റും മൺകട്ടയും ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന ഭാരമേറിയ കെട്ടിടങ്ങൾ നശിച്ച് പോകുന്നതിന് കാരണമാകുന്നു. ഇപ്രകാരം ഏകദേശം 200 ഓളം ഭവനങ്ങൾ തകർന്നു പോയിട്ടുള്ളതും 250 ലധികം ഭവനങ്ങൾ നിലവിൽ തകർച്ച നേരിട്ട് കൊണ്ടിരിക്കുന്നതുമാണ്. കൂടാതെ 2011 ലെ തീരദേശ പരിപാലന നിയമ പ്രകാരം മൺറോതുരുത്ത് ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും CRZ നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ ടി പ്രദേശത്തെ ജനങ്ങൾ വൻതോതിൽ കുടിയിറക്ക് ഭീഷണി നേരിടുകയാണ്. എന്നാൽ പരിസ്ഥിതിക്ക് അനുയോജ്യമായതും തറനിരപ്പിൽ നിന്നും ഉയർന്ന് നിൽക്കുന്നതും ഭാരം കുറഞ്ഞതുമായ വസ്തുക്കൾ ഉപയോഗിച്ച് കൊണ്ടുള്ള Pre-Fab നിർമ്മാണരീതി അവലംബിച്ച് കൊണ്ടുള്ള ഭവനങ്ങൾ നിർമ്മിച്ച് ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ നിലവിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്.

മേൽ പ്രതിസന്ധിക്ക് ഒരു പരിഹാരമെന്ന നിലയിൽ ഈ മേഖലക്ക് അനുയോജ്യമായ ഒരു പരിസ്ഥിതി സൗഹൃദ ഭവനത്തിന്റെ മാതൃകക്കായി 2015 ൽ തന്നെ ഗ്രാമപഞ്ചായത്ത് ശ്രമിച്ചതിന്റെ ഫലമായി കൊല്ലം TKM Engineering College സിവിൽ വിഭാഗം സമർപ്പിച്ച മാതൃക യോജിച്ചതാണെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി മാതൃക പ്രകാരം ഒരു ഭവനം നിർമ്മിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതിക്കായി അപേക്ഷിക്കുകയും പദ്ധതി നടപ്പാക്കുന്നതിനായി 2018-19 വാർഷിക പദ്ധതിയിൽ വികസനഫണ്ട് 6,50,000/- രൂപ വകയിരുത്തി പട്ടികജാതി മേഖലയിൽ പരിസ്ഥിതി സൗഹൃദ ഭവനം എന്ന നൂതനപദ്ധതി ഏറ്റെടുക്കുകയും ടി പദ്ധതിക്ക് 26.02.2019-ലെ സ.ഉ (സാധാ) 435/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പ്രത്യേക അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. ടി പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതും പദ്ധതി കൊണ്ടുള്ള ലക്ഷ്യം വിജയകരമായി പൂർത്തീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളതുമാണ്.

പരിസ്ഥിതി സൗഹൃദവും പ്രകൃതിദത്തവുമായ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ഭവനനിർമ്മാണരീതി എന്ന നിലയിൽ മുള കൊണ്ടുള്ള ഭവനനിർമ്മാണം പരിഗണിക്കുന്നുണ്ടെങ്കിലും മുളകളുടെ ലഭ്യതക്കുറവും ഉപ്പ്, വേലിയേറ്റം എന്നിവ മുളകളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ വിശദമായ പഠനങ്ങൾക്ക് ശേഷമേ ടി ഭവനനിർമ്മാണ രീതി പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. ഈ മേഖലയിൽ നവീന ആശയങ്ങൾ നടപ്പിലാക്കുന്ന നിരവധി സ്വകാര്യ കെട്ടിട നിർമ്മാണ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിസ്ഥിതിക്ക് അനുയോജ്യമായതും അവലംബിക്കാവുന്നതുമായ നൂതന കെട്ടിടനിർമ്മാണ മാതൃകകൾ കണ്ടെത്താൻ പഞ്ചായത്ത് ശ്രമിച്ചു വരുകയാണ്. കൂടാതെ ബഹു. നിയമസഭ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ ടൗൺപ്ലാനിംഗ് വകുപ്പ് പഞ്ചായത്തിന്റെ വിശദമായ രൂപരേഖ തയ്യാറാക്കി വരുന്നതും ആയത് നടപ്പിലാക്കുന്നതോട് കൂടി കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ നേരിട്ട് കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും ശാശ്വതപരിഹാരം കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം സമിതിയുടെ പരിഗണനയ്ക്കായി അറിയിക്കുന്നു.

(08.10.2025-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ 9

ഈ പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർബന്ധമായും കോസ്റ്റൽ സോൺ റഗുലേഷനുകളും തണ്ണീർത്തട നിയമങ്ങളും നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

### പരിസ്ഥിതി (എ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ എ 2/4/2019/പരി, തീയതി 25.02.2020)

അഷ്ടമുടി കായലിനോട് ചേർന്ന് കിടക്കുന്ന മൺട്രോ തുരുത്തിൽ തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടം 2017, CRZ വിജ്ഞാപനം എന്നിവ ബാധകമാണെങ്കിലും തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടം 2017 സെക്ഷൻ 3 അനുസരിച്ച് CRZ വിജ്ഞാപനം അനുസരിച്ചുള്ള നടപടികളാണ് കൈക്കൊള്ളേണ്ടത്. എന്നിരുന്നാലും തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടം 2017, CRZ വിജ്ഞാപനം എന്നിവ അനുസരിച്ചുള്ള നടപടികൾ കൈക്കൊള്ളേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മൺട്രോതുരുത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി വഴി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

(18.09.2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

സർക്കാർ സ്വീകരിച്ച നടപടി

### റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ REV-P3/37/2019, തീയതി 21.01.2021)

ഇന്ത്യയിലെ തന്നെ ഏറ്റവും പരിസ്ഥിതി ദുർബല പ്രദേശങ്ങളിലൊന്നായ കൊല്ലം ജില്ലയിലെ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിൽ കാലാവസ്ഥ വ്യതിയാനവും പരിസ്ഥിതി പ്രശ്നങ്ങളും മൂലമുണ്ടാകുന്ന പാരിസ്ഥിതിക നാശനഷ്ടങ്ങളെ പ്രതിരോധിക്കുന്നതിനും തീരദേശ പരിപാലനത്തിനുമായി കണ്ടൽ വനങ്ങളുടെ സ്ഥാപനവും സംരക്ഷണവും ലക്ഷ്യം വച്ച് ഗ്രാമപഞ്ചായത്തിന്റെയും മഹാത്മാഗാന്ധി

ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും നേതൃത്വത്തിൽ ജനകീയ പിന്തുണയോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതായും പുതിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

കൂടാതെ മൺറോ തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഷിക പദ്ധതികളുടെയും കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി പഞ്ചായത്തിന് പ്രത്യേകമായി അനുവദിച്ച ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികളുടെയും ഭാഗമായി ജനകീയ പങ്കാളിത്തത്തോടെ ഏഴായിരത്തോളം കണ്ടൽ തൈകൾ ഉൽപ്പാദിപ്പിക്കുകയും അവ നദിയുടെയും കായലിന്റെയും തീരങ്ങളിൽ നട്ടു പിടിപ്പിക്കുകയും പരിപാലിക്കുകയും ചെയ്തു വരുന്നു. ഇതിന് പുറമെ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെയും കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെയും ധനസഹായത്തോടെ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിലെ പെരുങ്ങാലം വാർഡിൽ കായൽ പുറമ്പോക്ക് സ്ഥലത്ത് കോൺക്രീറ്റ് റിംഗുകൾ സ്ഥാപിച്ച് ചെളി നിറച്ച് കണ്ടൽ ചെടികൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്തിട്ടുള്ളതായും കൂടാതെ കണ്ടൽ വനവൽക്കരണത്തിലൂടെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും തീര സംരക്ഷണം ഉറപ്പാക്കുന്നതിനും ആവശ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കൊല്ലം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന തീര സംരക്ഷണ പ്രവൃത്തികൾ പരിസ്ഥിതിക്കിണങ്ങുംവിധമുള്ള ജൈവ സങ്കേതങ്ങൾ ഉപയോഗിച്ച് നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന വിവരവും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

(11.02.2021-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 138/ഇപിഎ 4/2020/തസ്വഭവ., തീയതി 06.04.2022)

നിലവിൽ പ്രാബല്യത്തിലുള്ള 2011 ലെ തീരദേശപരിപാലന നിയമവും നെൽവയൽ തണ്ണീർതടസംരക്ഷണനിയമവും പാലിച്ചാണ് മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് അനുമതി നൽകി വരുന്നത്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ഉതകുന്ന രീതിയിൽ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിന്റെ സഹായത്തോടെ

പാരിസ്ഥിതിക ദുർബല പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണത്തിന് പ്രത്യേക വ്യവസ്ഥകൾ ഉൾകൊള്ളിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(18.05.2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ 10

മൺട്രോതുരുത്തിലും തുരുത്തിനെ ചുറ്റിയൊഴുകുന്ന നദിക്കരകളിലുടനീളവും പൊതുജന പങ്കാളിത്തത്തോടുകൂടി കണ്ടൽക്കാടുകളും, അതത് പ്രദേശങ്ങളുടെ ഭൂപ്രകൃതിക്കനുസൃതമായ രീതിയിലുള്ള മരങ്ങളും വച്ചുപിടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

### വനം-വന്യജീവി (ഇ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ FWLD-E3/27/2021-FWLD, തീയതി 02.03.2022)

സ്വാഭാവികമായി കണ്ടൽച്ചെടികൾ വളരുന്നതും സമുദ്രനിരപ്പിൽനിന്നും ഏറെ ഉയരത്തിലല്ലാതെ സ്ഥിതി ചെയ്യുന്നതുമായ മൺട്രോ തുരുത്തിലും, തുരുത്തിനെ ചുറ്റി ഒഴുകുന്ന നദീ തീരത്തിലെ അനുയോജ്യമായ സ്ഥലങ്ങളിലും കണ്ടൽക്കാടുകളും ഇവിടത്തെ കരപ്രദേശങ്ങളിൽ ഭൂപ്രകൃതിയ്ക്ക് അനുസൃതമായ രീതിയിലുള്ള മറ്റു മരങ്ങളും നട്ടുപിടിപ്പിക്കുന്നതിനായി സമിതിയുടെ ശുപാർശ അനുസരിച്ച് കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

അതോടൊപ്പം മൺട്രോ തുരുത്തിനെ ചുറ്റി ഒഴുകുന്ന നദീ തീരത്തും, സാദ്ധ്യമായ മറ്റ് സ്ഥലങ്ങളിലും 2022-23 പ്ലാന്റിംഗ് സീസണിൽ നട്ട് പിടിപ്പിക്കുന്നതിനായി 10,000 കണ്ടൽത്തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള അടങ്കൽഅംഗീകരിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഇതിനുപുറമെ Kerala Forest (Vesting and management of ecologically fragile lands) Act, 2003 Sec. 4 പ്രകാരം തത്പരരായ കണ്ടൽ ഉടമസ്ഥരിൽ നിന്നും നഷ്ടപരിഹാരം നൽകി കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി, മൺട്രോ തുരുത്ത്

പഞ്ചായത്തിലെ 42 പ്ലോട്ടുകളിലായി 18.325 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(18.05.2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 138/ഇപിഎ 4/2020/തസ്വഭവ., തീയതി 06.04.2022)

അഷ്ടമുടിക്കായലും കല്ലടയാറും കൂടി ചേർന്ന് ജലസമ്പുഷ്ടമാക്കിയ പ്രദേശമാണ് മൺറോതുരുത്ത്. 3.4 ച.കി.മീ ഭൂവിസ്തൃതിയുള്ള ഈ ഗ്രാമപഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് അഷ്ടമുടിക്കായലും വടക്ക്കിഴക്ക് ഭാഗം കല്ലടയാറും തുടങ്ങി ചെറുതും വലുതുമായ നിരവധി കൈത്തോടുകളുമുണ്ട്. ഈ പ്രദേശം പ്രകൃതിദത്തമായ കണ്ടൽക്കാടുകളാൽ അനുഗ്രഹീതമാണ്. എങ്കിലും പഞ്ചായത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം എന്ന നിലയിൽ വെള്ളപ്പൊക്ക-വേലിയേറ്റ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളിൽ കണ്ടൽക്കാടുകളും ഭൂപ്രകൃതിക്കനുസരിച്ച് മരങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വച്ചു പിടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ജൈവവൈവിധ്യ ബോർഡിന്റെ കണ്ടൽ വനവത്കരണം പദ്ധതിയിൽ ഉൾപ്പെടുത്തി പെരുങ്ങാലം വാർഡിലെ തെരഞ്ഞെടുത്ത പ്രദേശത്ത് വൻതോതിൽ കണ്ടലുകൾ വച്ച് പിടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

(18.05.2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ 11

മത്സ്യം വളർത്തുന്നതിന് പഞ്ചായത്തിലുള്ള സവിശേഷമായ സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പ്രസ്തുത മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുംവിധം നൂതനമായ മത്സ്യം വളർത്തൽ രീതികൾ അവലംബിക്കുകയും ആയതിലുള്ള പരിശീലനം ലഭ്യമാക്കുകയും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ സി1/213/18/മതുവ., തീയതി 09.04.2021)

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

അശാസ്ത്രീയവും പരമ്പരാഗതവുമായ കൃഷി രീതികളിൽ നിന്നും മാറി ശാസ്ത്രീയമായ കൃഷിരീതി അവലംബിക്കുന്നതിനും പരിസ്ഥിതിയ്ക്ക് ഉണ്ടാകുന്ന ദോഷങ്ങൾ കുറയ്ക്കുന്നതിന് ഉതകുന്ന തരത്തിൽ കർഷകർക്ക് ശാസ്ത്രീയ പരിപാലന മുറകൾ പരിശീലിക്കുന്നതിന് പദ്ധതിയുടെ ഭാഗമായി പരിശീലന പരിപാടികൾ നടപ്പിലാക്കുന്നു.

മത്സ്യോൽപാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. ഓരോ ജില്ലയിലും, ആവശ്യമായ മത്സ്യം അതാത് ജില്ലകളിൽ തന്നെ വമ്പിച്ച ജനാധിപത്യത്തോടെ ഉൽപ്പാദിപ്പിച്ച് ഒരു മഹായജ്ഞമായി നടപ്പിലാക്കുന്നതിനും, ഓരോ കുടുംബവും അവരവർക്ക് കഴിയുന്ന രീതിയിൽ ഈ പദ്ധതികളിൽ പങ്കാളികളാകുന്നതിനും, അതുവഴി ഉൾനാടൻ മത്സ്യോൽപാദനത്തിന് ഒരു വഴിത്തിരിവ് സൃഷ്ടിച്ചു കൊണ്ട് ഗ്രാമഗ്രാമാന്തരങ്ങളിലായി മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടങ്കൽ തുക 2,07,800 ലക്ഷം രൂപയാണ്. പദ്ധതി കാലയളവ് 3 വർഷം ആണ്. വീട്ടുവളപ്പിലെ കുളങ്ങളിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി, കുളത്തിലെ കരിമീൻ കൃഷി, ഓരു ജലത്തിലെ കൂട്ടു കൃഷി, ഒരു നെല്ലും ഒരു മീനും കൃഷി, അക്വാപോണിക്സ്, മൊബൈൽ അക്വാക്ലിനിക്, റിസർവോയറുകളിലെ മത്സ്യകൃഷി, നൈൽതിലാപ്പിയ ഹാച്ചറി, മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റ്, മത്സ്യ വിപണന ഔട്ട് ലെറ്റുകൾ, പോർട്ടബിൾ ചിൽഡ് സ്റ്റോറേജ് യൂണിറ്റുകൾ എന്നിവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

ഗുണമേൻമയുള്ള മത്സ്യം പ്രാദേശികമായി ഉറപ്പു വരുത്തുക, സ്വന്തമായി ജലാശയമില്ലാത്തവർക്ക് മത്സ്യകൃഷിയിലേർപ്പെടുന്നതിന് സഹായിക്കുക, നവീന മത്സ്യകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന മത്സ്യകൃഷി രീതികൾ ചുവടെ ചേർക്കുന്നു.

| Sl. No. | Components | No. of units | Outlay (in lakh) |
|---|---|---|---|
| 1 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി | 7062 | 1162.92 |
| 2 | ബയോഫ്ലോക്ക് ഫാമിങ് | 2502 | 464.65 |
| 3 | കുളത്തിലെ കരിമീൻ കൃഷി | 552 | 110.75 |
| 4 | ഓരു ജലാശയത്തിലെ കൂടുകൃഷി | 450 | 630 |

ജനകീയ മത്സ്യകൃഷി, സുഭിക്ഷ കേരളം എന്നീ പദ്ധതികൾ മുഖേന 14,872 ദിനങ്ങൾ ഇതുവരെ സൃഷ്ടിച്ചിട്ടുണ്ട്.

(16.09.2021-ലെ സമിതി യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

## സമിതി ആരാഞ്ഞ അധികവിവരം

റിപ്പോർട്ടിൽ സംസ്ഥാനത്തെ മൊത്തം സാഹചര്യമാണ് വിശദീകരിക്കുന്നതെന്ന് വിലയിരുത്തിയ സമിതി വിഷയം സംബന്ധിച്ച് മൺട്രോതുരുത്തിന്റെ കാര്യത്തിലുള്ള പ്രത്യേക റിപ്പോർട്ട് ലഭ്യമാക്കാൻ മത്സ്യബന്ധന തുറമുഖ വകുപ്പിനോട് നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ സി1/213/2018/മതുവ., തീയതി 01.06.2022)

(അധികവിവരം)

അഷ്ടമുടി കായലിന്റെയും കല്ലടയാറിന്റെയും സംഗമസ്ഥലത്തു സ്ഥിതി ചെയ്യുന്ന മൺട്രോ തുരുത്ത് ഗ്രാമ പഞ്ചായത്തിന് 8 ചെറു തുരുത്ത് ചേർന്ന് 13.4 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണ് ഉള്ളത്. സവിശേഷമായ ഭൂപ്രകൃതിയുള്ള മൺട്രോ തുരുത്ത്

ഗ്രാമപഞ്ചായത്തിൽ ഓരുജല മത്സ്യകൃഷി, ഓരുജല ചെമ്മീൻ കൃഷി, ഞണ്ടു കൃഷി, ഓരുജല കൂട്ട കൃഷി എന്നിവയ്ക്ക് അനുയോജ്യമായ 115 ഹെക്ടർ വിസ്തൃതിയുള്ള കുളങ്ങളാണ് ഉള്ളത്. മത്സ്യം വളർത്തുന്നതിനു പഞ്ചായത്തിലുള്ള സവിശേഷമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നത്. മൺട്രോ തുരുത്ത് ഗ്രാമപഞ്ചായത്തിൽ ജനകീയ മത്സ്യകൃഷി, സുഭിക്ഷകേരളം, പ്രധാനമന്ത്രി മത്സ്യ സമ്പത് യോജന എന്നീ പദ്ധതികളുടെ ഭാഗമായും സ്വന്തം നിലയിലും 49 ഹെക്ടർ ഏരിയയിൽ മത്സ്യ കൃഷി/ചെമ്മീൻ കൃഷി ചെയ്യുന്നുണ്ട്. മത്സ്യകൃഷി പദ്ധതികളുടെ ഭാഗമായി 34 ഹെക്ടർ ഏരിയയിലും സ്വന്തം നിലയിൽ 15 ഹെക്ടർ ഏരിയയിലുമാണ് കൃഷി ചെയ്യുന്നത്. കൂടാതെ 40 യൂണിറ്റ് ഓരുജല കൂടുകളും, 15 യൂണിറ്റ് കരിമീൻ മത്സ്യ വിത്തുല്പാദന യൂണിറ്റുകളും 0.2 ഹെക്ടർ വിസ്തീർണത്തിൽ ഞണ്ടു കൊഴുപ്പിക്കൽ യൂണിറ്റും 160 എം ക്യൂബിന്റെ രണ്ടു ബയോഫ്ലോക് യൂണിറ്റുകളും മൺട്രോ തുരുത്ത് ഗ്രാമപഞ്ചായത്തിലുണ്ട്. 150 ഓളം കർഷകർക്ക് നേരിട്ടും 300 ഓളം പേർക്ക് പരോക്ഷമായും മത്സ്യകൃഷിയിലൂടെ തൊഴിൽ ലഭിച്ചിട്ടുണ്ട്. വകുപ്പിന്റെ ശാസ്ത്രീയ മത്സ്യകൃഷി പദ്ധതികൾക്ക് പുറമെ സ്വന്തം നിലയിൽ കൃഷിചെയ്യുന്ന ചില കർഷകർ ചെമ്മീൻ കൃഷിയിലും മത്സ്യകൃഷിയിലും പ്രൊബയോട്ടിക്കുകളും, ആന്റിബയോട്ടിക്കുകളും അശാസ്ത്രീയമായി ഉപയോഗിക്കുന്നത് മൂലം കൃഷിക്ക് ശേഷം വെള്ളം പുറത്തേക്ക് വിടുന്നതുമൂലം കായലിലെ കക്ക സമ്പത്തിനെയും മറ്റു ജീവജാലങ്ങളെയും ദോഷകരമായി ബാധിക്കുവാൻ സാധ്യതയുണ്ട്. ഉൾനാടൻ മത്സ്യകൃഷിയിലൂടെ മത്സ്യ ഉല്പാദന രംഗത്തുണ്ടായ വർദ്ധനവ് മൺട്രോ തുരുത്ത് ഗ്രാമപഞ്ചായത്തിലും പ്രതിഫലിച്ചിട്ടുണ്ട്. പ്രതിവർഷം 135 മെട്രിക് ടൺ മത്സ്യ ഉത്പാദനമാണ് ഈ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നത്. മൺട്രോതുരുത്തിന്റെ മത്സ്യകൃഷിക്കനുയോജ്യമായ ജലസ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഫിഷറീസ് വകുപ്പ് മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(17.01.2024-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ 12

അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിച്ച് തെങ്ങ് കൃഷി പുനരുജ്ജീവിപ്പിക്കുകയും കഴിഞ്ഞ ഏതാനും വർഷങ്ങളായി തെങ്ങ് കൃഷിയെ ബാധിച്ചിട്ടുള്ള രോഗം, കീടബാധകളെ ശാസ്ത്രീയമായി അപഗ്രഥിച്ച് ഫലപ്രദമായ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## കൃഷി (പി.ബി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ അഗ്രി-പിബി1/64/2019-അഗ്രി, തീയതി 21.11.2019)

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്കിൽ പെട്ട മൺട്രോതുരുത്ത് പഞ്ചായത്ത് വിവിധതരം പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. വേലിയേറ്റത്തോടനുബന്ധിച്ചുള്ള ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റവും, കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലങ്ങളും അടക്കം ഒട്ടനവധി ദുരിതങ്ങൾ ഈ നാട് അനുഭവിക്കുന്നുണ്ട്. തെങ്ങ് കൃഷിയാണ് ഈ നാടിന്റെ വരുമാനത്തിന്റെ നട്ടെല്ല്. എന്നാൽ വേലിയേറ്റം കാരണമുള്ള ഉപ്പുവെള്ളത്തിന്റെ പ്രശ്നവും, വിവിധ രോഗ കീടങ്ങളും, തൊഴിലാളികളുടെ ദൗർബല്യവും, വർദ്ധിച്ച വേതനവും പ്രശ്നത്തിന്റെ തോത് വർദ്ധിപ്പിക്കുന്നു.

2017-18 വർഷത്തിൽ കേരഗ്രാമം പദ്ധതി വഴി ഏകദേശം 66 ലക്ഷം രൂപ ചെലവഴിക്കാൻ സാധിച്ചത് കേര മേഖലയിൽ നല്ലൊരു ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന്റെ ഭാഗമായി കോക്കനട്ട് ഫെഡറേഷന്റെ നേതൃത്വത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി ഇവിടെ തുടങ്ങിയിട്ടുണ്ട്. കൂടാതെ ഡിപ്പാർട്ട്മെന്റ് അതാത് വർഷങ്ങളിൽ നൽകി വരുന്ന തെങ്ങിൻ തൈകളും ഇവിടെ വിതരണം ചെയ്യുന്നുണ്ട്. 2019-20 വർഷത്തിൽ കോക്കനട്ട് ഡെവലപ്മെന്റ് കൗൺസിൽ പദ്ധതി പ്രകാരം 975 തെങ്ങിൻ തൈകൾ വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് വെറ്റ്ലാൻഡ് അതോറിറ്റി 2018-19 സാമ്പത്തിക വർഷത്തിൽ മൺട്രോതുരുത്തു മേഖലയുടെ പുനരുജ്ജീവനത്തിനായി ഏകദേശം 75 ലക്ഷം രൂപ കാർഷിക മേഖലയിൽ അനുവദിച്ചതിൽ 15.5 ലക്ഷം രൂപ കേര കൃഷിക്കായി വകയിരുത്തിയിട്ടുണ്ട്.

കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് പഞ്ചായത്തിൽ തെങ്ങിന്റെ ആരോഗ്യപരിപാലനം സംബന്ധിച്ച് സമഗ്രമായ ഒരു പദ്ധതി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. തെങ്ങിന്റെ രാസവള പ്രയോഗം, തടംതുറപ്പ്, തൊണ്ട് അടുക്കൽ, മണ്ണിന്റെ അമ്ലത കുറയ്ക്കുന്നതിനുള്ള നടപടികൾ, ജൈവ കീടനാശിനികളുടെ ഉത്പാദനം, വിതരണം, തെങ്ങ് മുറിച്ച് പകരം തൈ നടീൽ, തേനീച്ച കൃഷി, തെങ്ങിന്റെ രോഗ കീട നിയന്ത്രണം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിയ്ക്കായി 1.5 കോടി രൂപയുടെ പ്രോജക്റ്റ് തയ്യാറാക്കി കൊല്ലം ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ 13

മൺട്രോതുരുത്തിന്റെ സമഗ്രവികസനം കൃത്യമായി നിരീക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് മാത്രമായി കഴിയില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ആവശ്യമായ ബന്ധപ്പെട്ട മറ്റ് വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചുകൊണ്ട് അഷ്ടമുടിക്കായലും മൺട്രോതുരുത്തും ഉൾപ്പെടുന്ന പ്രദേശത്തിന്റെ സമഗ്ര വികസനത്തിനായി ഒരു അതോറിറ്റി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി (എ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/4/2019/പരി, തീയതി 25.02.2020)

അഷ്ടമുടി കായലിന്റെ സമഗ്ര സംരക്ഷണവും പരിപാലനവും തണ്ണീർത്തട അതോറിറ്റി വഴിയാണ് നടപ്പാക്കുന്നത്. (അനുബന്ധം-2).

ഇതിനോടനുബന്ധിച്ച് മൺട്രോ തുരുത്തിന്റെ പുനരുജ്ജീവനത്തിനായി വിവിധ വകുപ്പുകളായ കൃഷി, മത്സ്യ ബന്ധനം, മൃഗ സംരക്ഷണം മുതലായവയെ ഏകോപിപ്പിച്ച് മൺട്രോ തുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ പ്രോജക്ടിന് (അനുബന്ധം-3) 75 ലക്ഷം രൂപയുടെ സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. (അനുബന്ധം -4)

(18.09.2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 138/ഇപിഎ 4/2020/തസ്വഭവ., തീയതി 06.04.2022)

മൺറോതുരുത്തിന്റെ സമഗ്രവികസനം നിരീക്ഷിക്കുന്നതിനായി വിവിധ വകുപ്പുകൾ മുഖേന 74.8 ലക്ഷം രൂപയുടെ ജീവനോപാധി പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി വരുന്നുണ്ട്. ബന്ധപ്പെട്ട മറ്റ് വകുപ്പുകളെ കൂടി ഏകോപിപ്പിച്ചുകൊണ്ട് അഷ്ടമുടിക്കായലും മൺട്രോതുരുത്തും ഉൾപ്പെടുന്ന പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി ഒരു

അതോറിറ്റി രൂപീകരിക്കണമെന്ന സമിതി ശിപാർശ തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

(18.05.2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

സമിതി നിർദ്ദേശം

അഷ്ടമുടിക്കായലും മൺട്രോതുരുത്തും ഉൾപ്പെടുന്ന പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി അതോറിറ്റി രൂപീകരിക്കണമെന്ന സമിതി ശിപാർശ നടപ്പിലാക്കാൻ നിർവ്വാഹമില്ലെങ്കിൽ ബദൽ സംവിധാനം ഏർപ്പെടുത്തണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

**ശിപാർശ 14**

മൺട്രോതുരുത്തിലെ ഓവുചാലുകൾ യഥാസമയം വൃത്തിയാക്കാതിരിക്കുന്നതുമൂലം വേലിയേറ്റത്തിൽ കയറുന്ന വെള്ളം തിരിച്ചിറങ്ങാൻ കാലതാമസമുണ്ടാകുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓവുചാലുകൾ യഥാസമയം വൃത്തിയാക്കി സൂക്ഷിക്കുന്നതിൽ തദ്ദേശസ്വയംഭരണം, ജലവിഭവം എന്നിവയടക്കമുള്ള വകുപ്പുകൾ പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐ.ആർ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ ഐ.ആർ3/18/2019/ജവിവ, തീയതി 26.08.2020)

വടക്ക് കല്ലടയാറും, തെക്കുഭാഗത്തും പടിഞ്ഞാറുഭാഗത്തും അഷ്ടമുടിക്കായലും, കിഴക്കുഭാഗത്ത് പുത്തനാറിനാലും ചുറ്റപ്പെട്ടുകിടക്കുന്ന പ്രദേശമാണ് മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത്. ഒക്ടോബർ മാസം മുതൽ മെയ് മാസം വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ (പ്രധാനമായും കിടപ്രം തെക്ക്, കിടപ്രം വടക്ക്, കൺട്രം കാണി, നെന്മേനി തെക്ക്, പട്ടം തുരുത്ത് ഈസ്റ്റ്, പട്ടംതുരുത്ത് വെസ്റ്റ്, പെരിങ്ങാലം വാർഡുകൾ) കരയിലേക്ക് ഏകദേശം ഒന്നര അടി മുതൽ രണ്ടര അടി വരെ ഉയരത്തിൽ വേലിയേറ്റസമയത്ത് വെള്ളം കയറുന്ന പ്രതിഭാസമാണ് പ്രധാന

പരിസ്ഥിതി പ്രശ്നം. മേൽപറഞ്ഞിട്ടുള്ള വാർഡുകളിലെല്ലാം ധാരാളം നീർച്ചാലുകളും ചെറുതോടുകളുമുണ്ട്. നിരന്തരമായ വേലിയേറ്റം മൂലം ഈ വാർഡുകളിലെ 74-ഓളം ചെറുനീർച്ചാലുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ആഴം കൂട്ടി, ചളി കുത്തി അരിക് ബലപ്പെടുത്തി കയർഭൂവസ്ത്രം വിരിക്കുകയും ചെയ്ത് വേലിയേറ്റ സമയത്ത് കയറുന്ന വെള്ളം സുഗമമായി വലിയ തോടുകളിലേക്കും കായലിലേക്കും തിരിച്ചു വിടേണ്ടതുണ്ട്. കൂടാതെ പ്രധാന തോടുകളായ ഇടയക്കടവ് തോട്, കാര്യത്രക്കടവ് തോട്, മലയിൽ തോട്, ചിറയിൽ തോട്, പുളിമൂട്ടിൽ തോട് മുതലായ തോടുകൾ ആഴം കൂട്ടി തീര സംരക്ഷണം നടത്തേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനു മുൻപായി പ്രദേശത്തെ വിവിധ ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച ശാസ്ത്രീയമായ പഠനം ആവശ്യമാണ്. തോടുകളുടെ മാപ്പിംഗ്, ആഴം, നിലവിലെ സ്ഥിതി, മാലിന്യം/ചളിയുടെ അളവ്, സ്വഭാവം, തോടുകളുടെ/നീർച്ചാലുകളുടെ നീളം, പരസ്പര ബന്ധം, തോടുകൾക്കു കുറുകെ നിലവിലുള്ള നിർമ്മിതികൾ, തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണം നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി മൈനർ ഇറിഗേഷൻ കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ, തൊഴിലുറപ്പ് പദ്ധതിയിലെ എഞ്ചിനീയർ, അഗ്രിക്കൾച്ചറൽ ആഫീസർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്കു പുറമേ ജനപ്രതിനിധികളുടെ സഹകരണവും ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ചെറുകിട ജലസേചന ഡിവിഷൻ, കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിയ പ്രാഥമിക പര്യവേഷണമനുസരിച്ച് പ്രധാന തോടുകളുടെ ശുചീകരണം/ആഴംകൂട്ടൽ എന്നിവയ്ക്ക് ഏകദേശം അഞ്ച് കോടി രൂപയോളം വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(17.12.2020-ലെ സമിതി യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

## സമിതി ആരാഞ്ഞ അധിക വിവരം

ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തുന്നതിനും തോടുകളുടെ മാപ്പിംഗ്, ആഴം, നിലവിലെ സ്ഥിതി, മാലിന്യം/ചളിയുടെ അളവ്, സ്വഭാവം, തോടുകളുടെ/നീർച്ചാലുകളുടെ നീളം, പരസ്പര ബന്ധം, തോടുകൾക്കു കുറുകെ നിലവിലുള്ള നിർമ്മിതികൾ തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

## ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ഐ.ആർ3/16/2021/ജവിവ, തീയതി 03.01.2022)

മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ (പ്രധാനമായും കിടപ്രം തെക്ക്, കിടപ്രം വടക്ക്, കൺട്രം കാണി, നെന്മേനി തെക്ക്, പട്ടം തുരുത്ത് ഈസ്റ്റ്, പട്ടംതുരുത്ത് വെസ്റ്റ്, പെരിങ്ങാലം വാർഡുകൾ) ഒക്ടോബർ മാസം മുതൽ മെയ് മാസം വരെയുള്ള കാലയളവിൽ കരയിലേക്ക് ഏകദേശം ഒന്നര അടി മുതൽ രണ്ടര അടി വരെ ഉയരത്തിൽ വേലിയേറ്റ സമയത്ത് വെള്ളം കയറുന്ന പ്രതിഭാസമാണ് പ്രധാന പരിസ്ഥിതി പ്രശ്നം. നിരന്തരമായ വേലിയേറ്റം മൂലം മേൽപറഞ്ഞിട്ടുള്ള വാർഡുകളിലെ നീർച്ചാലുകളിലും ചെറുതോടുകളിലുമെല്ലാം മണ്ണടിഞ്ഞു കിടക്കുകയാണ്. ഈ വാർഡുകളിലെ 74-ഓളം ചെറുനീർച്ചാലുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ആഴം കൂട്ടി, ചളി കുത്തി അരിക് ബലപ്പെടുത്തി കയർഭൂവസ്ത്രം വിരിക്കുകയും ചെയ്ത് വേലിയേറ്റ സമയത്ത് കയറുന്ന വെള്ളം സുഗമമായി വലിയ തോടുകളിലേക്കും കായലിലേക്കും തിരിച്ചു വിടേണ്ടതുണ്ട്. കൂടാതെ പ്രധാന തോടുകളായ ഇടയക്കടവ് തോട്, കാര്യത്രക്കടവ് തോട്, മലയിൽ തോട്, ചിറയിൽ തോട്, പുളിമൂട്ടിൽ തോട് മുതലായ തോടുകൾ ആഴം കൂട്ടി തീര സംരക്ഷണം നടത്തേണ്ടതുണ്ട്. തോടുകളുടെ മാപ്പിംഗ്, ആഴം, നിലവിലെ സ്ഥിതി, മാലിന്യം/ചളിയുടെ അളവ്, സ്വഭാവം, തോടുകളുടെ/നീർച്ചാലുകളുടെ നീളം, പരസ്പര ബന്ധം, തോടുകൾക്കു കുറുകേ നിലവിലുള്ള നിർമ്മിതികൾ തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണം നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി മൈനർ ഇറിഗേഷൻ കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ, തൊഴിലുറപ്പ് പദ്ധതിയിലെ എഞ്ചിനീയർ, അഗ്രിക്കൾച്ചറൽ ആഫീസർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്കു പുറമേ ജനപ്രതിനിധികളുടെ സഹകരണവും ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

മൺട്രോതുരുത്തിലെ നീർച്ചാലുകൾ ശുചിയാക്കി ചളി മാറ്റുന്നതിന്റെ ഭാഗമായി 45 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പ്രവൃത്തി ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. സാമ്പത്തിക സഹായം ലഭ്യമാവുന്ന മുറയ്ക്ക് കൂടുതൽ പ്രവൃത്തികൾ നിർവ്വഹിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(18.05.2022-ലെ സമിതി യോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ശിപാർശയിൽ നീർച്ചാലുകളുടെ കാര്യമല്ല ഓവുചാലുകൾ വൃത്തിയാക്കി സൂക്ഷിക്കുന്ന കാര്യമാണ് പ്രതിപാദിച്ചിരിക്കുന്നതെന്നും ശിപാർശക്കനുസൃതമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ജലവിഭവ (ഐ.ആർ.) വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു.

(അധികവിവര റിപ്പോർട്ട് ലഭ്യമായിട്ടില്ല.)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ആർ.ഇ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ ആർ.ഇ 1/343/2023/ത.സ്വ.ഭ.വ., തീയതി 05.09.2023)

അഷ്ടമുടിക്കായലും കല്ലടയാറും കൂടി ചേർന്ന് ജലസമൃഷ്ടമാക്കിയ 13.4 ച.കി.മി. ഭൂവിസ്തൃതിയുള്ള പ്രദേശമാണ് മൺറോതുരുത്ത്. ആഗോളതാപനത്തെ തുടർന്നുള്ള കാലാവസ്ഥാ വ്യതിയാനം മൂലം വെള്ളപ്പൊക്ക വേലിയേറ്റ ഭീഷണി നേരിടുന്നവയാണ് മൺറോതുരുത്ത് പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും. ഇക്കാരണത്താൽ വേലിയേറ്റ-വെള്ളപ്പൊക്കവും കാലവർഷത്താലുള്ള വെള്ളപ്പൊക്കത്താലുമുണ്ടാകുന്ന പ്രളയജലം വഴിയും ധാരാളം മാലിന്യങ്ങൾ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിലെ ഇടത്തോടുകളിൽ എത്തിചേരുന്നുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ ജീവനാഡികളായ ജലാശയങ്ങളുടെ ആഴം കൂട്ടുകയും കയർഭൂവസ്ത്രം ഉപയോഗിച്ച് തീരങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതുവഴി തോടുകളിലൂടെയുള്ള ജലത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

നിലവിൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മ സേനാംഗങ്ങളെയും സന്നദ്ധ പ്രവർത്തകരെയും ഉപയോഗിച്ച് നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുകയും അതോടൊപ്പം ഇടത്തോടുകളിലെയും ജലാശയങ്ങളിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ സ്ഥിരമായി വ്യക്തികളെയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ ഏക വരുമാനമാർഗ്ഗമായി ടൂറിസം മാറിക്കഴിഞ്ഞതിനാൽ ഗ്രാമപഞ്ചായത്തും ഈ മേഖലയിൽ

പ്രവർത്തിക്കുന്ന തൊഴിലാളികളും റിസോട്ടുകൾ/ഹോംസ്റ്റേ എന്നിവയും ഈ രംഗത്ത് ശക്തമായ നിരീക്ഷണവും ബോധവത്കരണവും നടത്തുന്നുണ്ടെന്നും ഗ്രാമപഞ്ചായത്തിലെ ടൂറിസത്തിന്റെ പ്രധാന ആകർഷണമായ ജലാശയങ്ങളും ഇടത്തോടുകളും കണ്ടൽക്കാടുകളും സംരക്ഷിക്കുന്നതിനാവശ്യമായ സാധ്യമായ എല്ലാ നടപടികളും മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(17.01.2024-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ 15

സംസ്ഥാനത്തെ ഒരു സാധാരണ പഞ്ചായത്തിനു നൽകുന്ന ധനസഹായം ഉപയോഗിച്ചുമാത്രം മൺട്രോതുരുത്ത് പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാകില്ല എന്ന് സമിതി വിലയിരുത്തുന്നു. ശാസ്ത്രീയമായ അടിത്തറയോ നയരൂപീകരണമോ ഇല്ലാതെ അധികവിഹിതം അനുവദിക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് മൺട്രോതുരുത്ത് ഉൾപ്പെടുന്ന പ്രദേശത്തിനായി ഒരു പ്രത്യേക പാക്കേജ് നടപ്പാക്കണമെന്നും, പഞ്ചായത്തിനായി പ്രത്യേക സാങ്കേതിക സാമ്പത്തിക സഹായ പദ്ധതി നടപ്പാക്കണമെന്നും ആയതിനുവേണ്ടുന്ന പ്രത്യേക നയം സർക്കാർ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ എഫ്.എം1/223/2019/എൽ.എസ്.ജി.ഡി., തീയതി 04.06.2022)

അതാത് കാലത്തുള്ള സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള തീരുമാനപ്രകാരമാണ് പ്രാദേശിക സർക്കാരുകൾക്ക് ഫണ്ടുകൾ അനുവദിക്കുന്നത്. അത് മാനദണ്ഡം/ഫോർമുല അടിസ്ഥാനത്തിലുള്ള ധനവിന്യാസം ആയതിനാൽ വിവേചനപരമായി ഫണ്ട് ലഭ്യമല്ല. കൂടാതെ തനതു ഫണ്ടും പൊതു ആവശ്യഫണ്ടും അടക്കമുള്ള തുക ഭരണചെലവുകൾക്കും മറ്റും തികയാത്ത സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വിടവ് നികത്തൽ ഫണ്ടും അനുവദിക്കുന്നുണ്ട്. 2021-22

സാമ്പത്തിക വർഷം മൺറോത്തുരുത്ത് ഗ്രാമ പഞ്ചായത്തിന് വിടവ് നികത്തൽ ഫണ്ടായി 39,43,488/- രൂപ അനുവദിച്ചിട്ടുണ്ട്.

കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതത്തിൽ ഇപ്പോൾ ആദ്യമായി പാരിസ്ഥിതിക വിഷയങ്ങൾക്ക് വെയിറ്റേജ് നല്കിയിട്ടുണ്ട്. സമിതി ചൂണ്ടിക്കാണിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ വിവിധ വകുപ്പുകളുടെ വിഭവങ്ങൾ സംയോജിപ്പിച്ച് പരിസ്ഥിതി വകുപ്പ് ഒരു പ്രൊജക്റ്റ് തയ്യാറാക്കേണ്ടതാണെന്നും ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

(17.01.2024-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ 16

അനന്തമായ ടൂറിസം വികസനം സാദ്ധ്യമായ ഒരു പ്രദേശമാണ് മൺട്രോത്തുരുത്ത്. എന്നാൽ ഇന്ന് ഈ രംഗത്ത് കാര്യമായ വികസനം നടക്കുന്നില്ല. തുരുത്തിൽ പ്രകൃതിസൗഹൃദ ടൂറിസം ഉറപ്പാക്കുന്നതിനായി ജനകീയ പങ്കാളിത്തത്തോടെ തദ്ദേശീയരുടെ സാമ്പത്തിക വികസനത്തിന് പ്രയോജനപ്പെടുംവിധമുള്ള സംവിധാനം രൂപപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### വിനോദസഞ്ചാര (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ടൂർ-സി3/140/2018-ടൂറിസം, തീയതി 14.11.2018)

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ (2016-19) 6-ാമത് റിപ്പോർട്ടിലെ ശുപാർശകൾക്കനുസൃതമായാണ് വിനോദസഞ്ചാര വകുപ്പ് മൺട്രോത്തുരുത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നത്. തുരുത്തിന്റെ പാരിസ്ഥിതിക ഘടനയ്ക്കും മണ്ണിന്റെ ഘടനയ്ക്കും അനുയോജ്യമായ രീതിയിലുള്ള നിർമ്മാണ രീതികളും സാമഗ്രികളും പരമാവധി ഉപയോഗപ്പെടുത്തുവാൻ വകുപ്പ് ശ്രമിക്കുന്നതാണ്. കൂടാതെ വിനോദ സഞ്ചാര വകുപ്പ് ഇതിനോടകം തന്നെ അഷ്ടമുടിക്കായലിന്റെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതിൽ മൺട്രോത്തുരുത്ത് ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും ആയത് സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. മൺട്രോത്തുരുത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിനോദസഞ്ചാര പ്രവർത്തനങ്ങൾ എല്ലാം തന്നെ പ്രകൃതിസൗഹൃദ ടൂറിസം ഉറപ്പാക്കുന്ന തരത്തിലും തദ്ദേശീയരുടെ സാമ്പത്തിക

വികസനത്തിന് പ്രയോജനപ്പെട്ടും വിധവും സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും നടപ്പിലാക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

(14.05.2019-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പരിസ്ഥിതി (എ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/4/2019/പരി, തീയതി 25.02.2020)

അഷ്ടമുടി കായലിനായി തയ്യാറാക്കിയ കർമ്മ പരിപ്രേഷ്യത്തിൽ കായൽ ടൂറിസത്തിനെ പ്രകൃതി സൗഹാർദ്ദ ടൂറിസമായി മാറ്റുന്നതിനെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അതിൽ സുസ്ഥിരമായ ജീവനോപാധി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ട് ടൂറിസത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനെപ്പറ്റിയും അഷ്ടമുടി കായലിലെ ഹൗസ് ബോട്ടുകളുടെ സംവഹനശേഷിയെ പറ്റി പഠിക്കുന്നത് സംബന്ധിച്ചും പ്രതിപാദിക്കുന്നുണ്ട്. ഇതേ തുടർന്ന് മൺറോതുരുത്തിലെ ജനങ്ങൾക്ക് മറ്റ് ഉപജീവന മാർഗ്ഗങ്ങൾ വികസിപ്പിക്കുവാൻ വേണ്ടി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുമായി സഹകരിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച വിശദമായ ഒരു പ്രൊപ്പോസൽ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, മൺറോ തുരുത്ത് ഗ്രാമ പഞ്ചായത്ത് വഴി അതോറിറ്റിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ സാമ്പത്തിക സഹായം ഉടൻ കൈമാറാവുന്നതാണ്.

(18.09.2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>**ശിപാർശ 17**</u>

മൺറോതുരുത്ത് എന്നും നിലനിൽക്കണമെന്നുള്ള ഇച്ഛാശക്തിയോടെ പ്രസ്തുത പ്രദേശത്തെ സംബന്ധിച്ചുള്ള പഠനവും ഗവേഷണവും പ്രശ്നപരിഹാരവും സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തിയാക്കുന്നതിനും ആവശ്യമെങ്കിൽ ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പരിസ്ഥിതി (എ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 2/4/2019/പരി, തീയതി 25.02.2020)

കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കീഴിൽ അഷ്ടമുടി കായലിന്റെ സമഗ്ര സംരക്ഷണത്തിനും പരിപാലനത്തിനുമായി തയ്യാറാക്കിയ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച കർമ്മ പരിപ്രേഷ്യം മുഖാന്തിരം മൺട്രോതുരുത്തിൽ പഠനവും ഗവേഷണവും പ്രശ്നപരിഹാരവും സർക്കാരിന്റെ ഭാഗത്തു നിന്നുള്ള സഹകരണത്തോടെ സമയബന്ധിതമായി പൂർത്തിയാക്കാവുന്നതാണ് .

മൺട്രോതുരുത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് (മണ്ണിന്റെ ഘടന, ഓരു വെള്ളം) പ്രശ്ന പരിഹാരമെന്നോണം കാലാവസ്ഥയ്ക്ക് അനുയോജ്യമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതി പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് നടപ്പിൽ വരുത്തുന്നു. 2018-19 സാമ്പത്തിക വർഷം അനുവദിച്ച 91.90 ലക്ഷം രൂപയുടെ പദ്ധതി മൺട്രോതുരുത്തിലെ ലവണ സ്വഭാവമുള്ള ജലാശയങ്ങളിൽ മത്സ്യകൃഷി (Open Cage Farming) നെൽകൃഷി (ഉപ്പ് ജല പ്രതിരോധ ശേഷിയുള്ളവ) കൂടാതെ കണ്ടൽ ചെടികൾ നട്ട് വളർത്തുന്നതിനും, താറാവ് വളർത്തൽ പോലുള്ള ജീവിത മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ട് സുസ്ഥിര വികസനം ലക്ഷ്യമാക്കി അടുത്ത മൂന്നു വർഷത്തേക്ക് നടപ്പാക്കുന്നു. വരും വർഷങ്ങളിലും സമാനമായ പദ്ധതികൾ മൺട്രോ തുരുത്തിന്റെ വികസനത്തിനും ഉന്നമനത്തിനുമായി നടപ്പിലാവുന്നതുമാണ് എന്ന് അറിയിക്കുന്നു.

മൺട്രോ തുരുത്തിന്റെ അവസ്ഥാവിശേഷം വിലയിരുത്തുന്നതിനായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ 10-11-2016 ൽ ഒരു ഫീൽഡ് വിസിറ്റ് നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൈകൊള്ളേണ്ട നടപടികളും നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് (അനുബന്ധം 1) ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഒരു നാലംഗ വിദഗ്ദ്ധ സമിതി 2015 ൽ മൺട്രോ തുരുത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് സമർപ്പിച്ച പഠന റിപ്പോർട്ടും (അനുബന്ധം 2) ഇതോടൊപ്പം സമർപ്പിക്കുന്നു.)

(18.09.2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## അധ്യായം III

# നടപടി വിവരം ലഭ്യമാക്കാത്ത ശിപാർശകൾ/സമിതി ആരാഞ്ഞ അധികവിവരം സംബന്ധിച്ച വിശദാംശം

## ശിപാർശ 3

ഇന്ത്യാഗവൺമെന്റിന്റെ പരിസ്ഥിതി മന്ത്രാലയവുമായി ബന്ധപ്പെട്ട് നിലവിലുള്ള കോസ്റ്റൽ സോണിംഗ് റഗുലേഷൻസിൽ ആവശ്യമായ മാറ്റം വരുത്തി മൺട്രോതുരുത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും ഇത്തരം പദ്ധതിക്ക് രൂപം നൽകുമ്പോൾ അഷ്ടമുടിക്കായലിന്റെയും സമീപപ്രദേശങ്ങളുടേയും പ്രാധാന്യം കൂടി പരിഗണിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ 6

മൺട്രോതുരുത്തിലെ വേലിയേറ്റം നേരിടുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്നവരുടെ സുരക്ഷ മുൻനിർത്തി അപകട മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ 4 & 5 എന്നിവയിന്മേൽ സമിതി ആരാഞ്ഞ അധികവിവരം

## തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ്

നിർമ്മാണ പ്രവർത്തനങ്ങളിൽ പരിസ്ഥിതിക്കും ആരോഗ്യത്തിനും ഹാനികരമാകാത്ത തരത്തിലുള്ള ടെക്നോളജി ഉപയോഗിക്കണമെന്നും ആയത് പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും നിർമ്മാണ പ്രവർത്തനങ്ങളിൽ ബാംബു സ്ലാബിന്റെ സാധ്യത കൂടി പരിശോധിക്കണമെന്നും ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

## ശിപാർശ 14-ന്മേൽ സമിതി ആരാഞ്ഞ അധികവിവരം

## ജലവിഭവ (ഐ.ആർ.) വകുപ്പ്

ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തുന്നതിനും തോടുകളുടെ മാപ്പിംഗ്, ആഴം, നിലവിലെ സ്ഥിതി, മാലിന്യം/ചളിയുടെ അളവ്, സ്വഭാവം, തോടുകളുടെ/നീർച്ചാലുകളുടെ നീളം, പരസ്പര ബന്ധം, തോടുകൾക്കു

കുറുകേ നിലവിലുള്ള നിർമ്മിതികൾ തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

## അധ്യായം IV

## സമിതിയുടെ തുടർശിപാർശകൾ/നിർദ്ദേശങ്ങൾ

1) ഇന്ത്യാഗവൺമെന്റിന്റെ പരിസ്ഥിതി മന്ത്രാലയവുമായി ബന്ധപ്പെട്ട് നിലവിലുള്ള കോസ്റ്റൽ സോണിംഗ് റഗുലേഷൻസിൽ ആവശ്യമായ മാറ്റം വരുത്തി മൺട്രോതുരുത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും ഇത്തരം പദ്ധതിക്ക് രൂപം നൽകുമ്പോൾ അഷ്ടമുടിക്കായലിന്റെയും സമീപപ്രദേശങ്ങളുടേയും പ്രാധാന്യം കൂടി പരിഗണിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

2)മൺട്രോതുരുത്തിലെ വേലിയേറ്റം നേരിടുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്നവരുടെ സുരക്ഷ മുൻനിർത്തി അപകട മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3) മൺട്രോതുരുത്തിലെ മണ്ണിന്റെ പ്രധാന ഘടകങ്ങൾ എക്കൽ, ചകിരിച്ചോറ്, വെള്ളം ഊർന്നിറങ്ങത്തക്ക നിലയിലുള്ള മണ്ണ് എന്നിവയായതിനാൽ മണ്ണ് പരിശോധന നിർബന്ധമാക്കുകയും അതിന് അനുസൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പിയും സിമന്റും ഭാരമേറിയ മൺകട്ടകളും ഉപയോഗിച്ചുള്ള പരിസ്ഥിതി സൗഹൃദമല്ലാത്ത നിർമ്മാണരീതികൾ പ്രസ്തുത തുരുത്തിന്റെ പാരിസ്ഥിതികതയെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതിനാൽ ഭാരം കുറഞ്ഞ വസ്തുക്കളായ തടിപോലുള്ള നിർമ്മാണവസ്തുക്കൾക്ക് പ്രാമുഖ്യം നൽകിയും കോൺക്രീറ്റ് പൈലുകൾക്ക് പകരമായി തെങ്ങിൻ തടി ഉപയോഗിച്ച് പൈലിംഗ് നടത്തിയ പ്ലാറ്റ്ഫോമുകൾ പോലുള്ള നിർമ്മാണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രസ്തുത തുരുത്ത് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക ഭീഷണികൾക്ക് പരിധിവരെ പരിഹാരം കണ്ടെത്തുവാൻ സാധിക്കണമെന്ന് നിർദ്ദേശിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

4) നിർമ്മാണ പ്രവർത്തനങ്ങളിൽ പരിസ്ഥിതിക്കും ആരോഗ്യത്തിനും ഹാനികരമാകാത്ത തരത്തിലുള്ള ടെക്നോളജി ഉപയോഗിക്കണമെന്നും ആയത് പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും നിർമ്മാണ പ്രവർത്തനങ്ങളിൽ ബാംബു സ്ലാബിന്റെ സാധ്യത കൂടി പരിശോധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

5)അഷ്ടമുടിക്കായലും മൺട്രോതുരുത്തും ഉൾപ്പെടുന്ന പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി അതോറിറ്റി രൂപീകരിക്കുന്നതിന് നിർവ്വാഹമില്ലെങ്കിൽ ബദൽ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഇ. കെ. വിജയൻ
അധ്യക്ഷൻ
പരിസ്ഥിതി സംബന്ധിച്ച സമിതി

തിരുവനന്തപുരം
2025 ഒക്ടോബർ 09